ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനുവേണ്ടി പുതിയ പദ്ധതികൾ

10 (*569)ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എളമരം കരീം :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനു വേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനുവേണ്ടി സർക്കാർ പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) തകർച്ചയുടെ വക്കിലുള്ള പല ചെറുകിട വ്യവസായങ്ങളെയും പുനരുദ്ധരിക്കുന്നതിന് സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ഇ) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം സൗജന്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(എഫ്) സംസ്ഥാനത്ത് ഇപ്പോൾ എത്ര ചെറുകിട വ്യവസായങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ജി) 1999-2000 വർഷത്തിൽ പുതിയതായി എത്ര ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(എച്ച്) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്ന വനിതകൾക്ക് എന്തെല്ലാം സൗജന്യങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)-(സി) ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനുവേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികളും പ്രഖ്യാപിച്ചിട്ടുള്ള സൗജന്യങ്ങളും താഴെ കൊടുക്കുന്നു.

ചെറുകിട വ്യവസായങ്ങൾക്കുള്ള മാർജിൻമണി ലോൺ പരമാവധി ഒരു ലക്ഷം രൂപയിൽനിന്നും 2.50 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും പലിശ നിരക്ക് 11.3%-ത്തിൽനിന്നും 9% ആയി കുറവു വരുത്തുകയും ചെയ്തു. പ്രവാസി കേരളീയർക്ക് 5 ലക്ഷം രൂപ മാർജിൻ മണി വായ്പ നൽകുന്നു. വനിതാ വ്യവസായ സൊസൈറ്റികൾക്ക് നൽകുന്ന സർക്കാർ ഓഹരി പങ്കാളിത്തം 3.5 ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ചെറുകിട വ്യവസായ മേഖലയിലെ പീഡിത യൂണിറ്റുകളെ കണ്ടെത്തി പുനഃരുദ്ധരിക്കുന്നതിനുവേണ്ടി പീഡിത വ്യവസായ പുനഃരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ചെറുകിട വ്യവസായങ്ങൾക്ക് നിക്ഷേപ സബ്സിഡി നൽകിവരുന്നു. സിഡ്കോ വഴി അസംസ്കൃത വസ്തുക്കളും യന്ത്ര സാമഗ്രികൾക്കാ

LIBRARY ARCHIVES Kerala Legislative Assembly

വശ്യമായ വിവിധതരം ഓയിലുകളും ചെറുകിട വ്യവസായങ്ങൾക്ക് നൽകി വരുന്നു.

വിപണനത്തിനുള്ള ടെണ്ടറുകളിൽ പങ്കെടുക്കുമ്പോൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളിലെ ഉൽപ്പന്നങ്ങളെക്കാൾ 15% വിലനിരക്ക് കൂടുതലായും പ്രസ്തുത ഉൽപ്പന്നങ്ങൾ വാങ്ങാൻ നിർദ്ദേശിച്ചിരിക്കുന്നതിനു പുറമേ ഐ.എസ്.ഐ. സർട്ടിഫിക്കറ്റ് ഉള്ളവർക്ക് 2% കൂടി കൂടുതലും വിലനിരക്കിൽ മുൻഗണന ലഭിക്കുന്നു. വനിതാ യൂണിറ്റുകളുടെയും ഉപഭോക്തൃ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന മറ്റു ചെറുകിട യൂണിറ്റുകളുടേയും വിപണന പ്രശ്നം പരിഹരിക്കുന്നതിനായി ടി യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സി.ഡി.എസ്. മുതലായ ഏജൻസികളുമായി സഹകരിച്ച് ഒരു പദ്ധതി സിഡ്കോ വഴി നടപ്പിലാക്കിവരുന്നു. വിവിധ സർക്കാർ സ്ഥാപനങ്ങളിൽനിന്നും ചെറുകിട യൂണിറ്റുകൾക്ക് പണം പിരിഞ്ഞുകിട്ടാനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ബിൽ ഡിസ്ക്കൗണ്ടിംഗ് പദ്ധതി അഥവാ ഫാക്ടറിംഗ് സംവിധാനം സിഡ്കോ വഴി നടപ്പിലാക്കാൻ അനുവാദം നൽകിയിട്ടുണ്ട്.

ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ക്ലിയറൻസുകൾ വേഗത്തിൽ ലഭ്യമാക്കുവാൻ ജില്ലകൾതോറും ഗ്രീൻചാനൽ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ഇതിന് നിയമപ്രാബല്യം നൽകിയിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി വ്യവസായ പാർക്കുകൾ, വ്യവസായ എസ്റ്റേറ്റുകൾ എന്നിവ സ്ഥാപിച്ചുവരുന്നു. ഒരു നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് എന്ന പദ്ധതി സിഡ്കോ വഴി നടപ്പിലാക്കിവരുന്നു.

വ്യവസായ സർവ്വകലാശാല സംയോജിത നയം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകൾ/ഗവേഷണ ലബോറട്ടറികൾ, മറ്റ് ഗവേഷണ വികസന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ശാസ്ത്രസാങ്കേതിക ജ്ഞാനം വ്യവസായ മേഖലകൾക്കു കൂടി ലഭ്യമാക്കുന്നവിധം ഒരു പരസ്പര ബന്ധം സ്ഥാപിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഒരു പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ഡി) പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി നിലവിലുണ്ട്.

(ഇ) ഉത്തരം (എ)യും (ബി)യും (സി)യും കണ്ടാലും.

(എഫ്) 29.2.2000 വരെ 218959 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ജി) 29.2.2000 വരെ 19132 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനക്ഷമമായിട്ടുണ്ട്.

(എച്ച്) വനിതാ വ്യവസായ സംരംഭകർക്ക് കെട്ടിട നിർമ്മാണ ഗ്രാന്റ്, മെഷിനറി ഗ്രാന്റ്, മാനേജീരിയൽ ഗ്രാന്റ്, പരിശീലനത്തിനായുള്ള ധനസഹായം, വാടക ഗ്രാന്റ് മുതലായവ നൽകിവരുന്നു. കൂടാതെ മറ്റ് ചെറുകിട വ്യവസായങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും വനിതാ വ്യവസായങ്ങൾക്കും ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly